കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - ജെൻഡർ അവയർനെസ് പ്രോഗ്രാം 2008-09 - വിധവാ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യക്ഷേമ (ബി) വകുപ്പ്**

സ.ഉ(സാധാ) നം.472 /2008/സാക്ഷേവ തീയതി, തിരുവനന്തപുരം, 12/11/2008.

---

പരാമർശം: 16.09.2008-ലെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

**ഉത്തരവ്**

ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥയിൽ ഏറ്റവും ദുരിത പൂർണ്ണമായ ജീവിതം വിധിക്കപ്പെട്ടവരാണ് വിധവകൾ. രാജാറാം മോഹൻ റോയ് ഉൾപ്പെടെയുള്ള സാമൂഹ്യ പരിഷ്കർത്താക്കളും ദേശീയ നേതാക്കളും സ്ത്രീകളെ ഈ അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് പല പ്രവർത്തനങ്ങളും കാഴ്ചവച്ചിട്ടുണ്ട്. കേരളത്തിൽ ഇത്തരം സ്ത്രീകളുടെ സാമൂഹ്യ പുരോഗതിക്കുവേണ്ടി വിപ്ലവകരമായ പ്രവർത്തനങ്ങളാണ് സാമൂഹ്യ പരിഷ്കർത്താക്കളും ദേശീയ നേതാക്കളും നടത്തിയിട്ടുള്ളത്. കേരളത്തിലെ ജനങ്ങളുടെ ആയുർ ദൈർഘ്യത്തിന്റെ വർദ്ധന പ്രത്യേകിച്ച് പുരുഷന്മാരുടേതിനേക്കാൾ കൂടുതലായി സ്ത്രീകൾക്കുള്ള ആയുർ ദൈർഘ്യവും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ പുനർ വിവാഹം നന്നേ കുറഞ്ഞുപോയതും കാരണം കേരള സമൂഹത്തിൽ വിഭാര്യന്മാരുടെ ശതമാനം 3.5 ആയിത്തീരുകയും വിധവകളുടെ ശതമാനം 11.56 ആയി തീരുകയും ചെയ്തിട്ടുണ്ട്. ഈ ലിംഗഭേദം വളരെയധികം സാമൂഹ്യ പ്രശ്നങ്ങൾ ഉളവാക്കുന്നതും സ്ത്രീകൾക്ക് വളരെ പ്രതികൂലമായിട്ടുള്ളതുമാണ്. വിധവകളാകുന്ന സ്ത്രീകൾക്ക് കഴിവും പ്രാപ്തിയും സാമ്പത്തിക നിലയുമുള്ള അവസരത്തിൽ സംരക്ഷകർ ഉണ്ടായിരിക്കുകയും അവസാന നാളുകളിൽ അവരെ ആരും സംരക്ഷിക്കാനില്ല എന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നത് വളരെ ദാരുണമാണ്. ഈ വിഭാഗം സ്ത്രീകളുടെ ശാക്തീകരണത്തിനും പുനരധിവാസത്തിനും ആവശ്യമായ നടപടി വിധവാ പുനർ വിവാഹം മാത്രമാകുന്നു.

മേൽ സാഹചര്യത്തിൽ ജെൻഡർ അവയർനെസ് പരിപാടിയിൻ കീഴിൽ നടപ്പു സാമ്പത്തിക വർഷം 2235-02-103-86 പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 125 ലക്ഷം രൂപയിൽ (ഒറ്റത്തവണ അധിക കേന്ദ്രധന സഹായം) 12.5 ലക്ഷം രൂപ വിധവാ പുനർ വിവാഹ പ്രോത്സാഹന പദ്ധതിക്കായി വിനിയോഗിക്കാവുന്നതാണെന്ന് സാമൂഹ്യക്ഷേമ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3. സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശം 16.09.2008ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് പരിശോധിക്കുകയും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടും പ്ലാനിംഗ് കമ്മീഷനിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനും വിധേയമായി ടി പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തു.

4. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷം ജെൻഡർ അവയർനെസ് പദ്ധതിയിൻ കീഴിൽ വകയിരുത്തിയിട്ടുള്ള 125 ലക്ഷം രൂപയിൽ 12.5 ലക്ഷം രൂപ (പന്ത്രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വിധവാ പുനർ വിവാഹ പ്രോത്സാഹന പദ്ധതി പ്രകാരം 50 പേർക്ക്

25000/- രൂപ നിരക്കിൽ പ്ലാനിംഗ് കമ്മീഷനിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് വിധേയമായി അനുവദിച്ച് നൽകുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ സംസ്ഥാനം അംഗീകരിച്ചിട്ടുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായിരിക്കണം.

(ii) ഭർത്താവിന്റെ മരണം മൂലം വിധവയായവരും നിയമപ്രകാരം വിവാഹ ബന്ധം വേർപ്പെടുത്തിയതു നിമിത്തം വിധവയ്ക്ക് സമാനമായി തീർന്നിട്ടുള്ള കുടുംബങ്ങളിൽപ്പെട്ട വനിതകളുമാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്

(iii) മേൽ വിഭാഗത്തിൽപ്പെട്ടവരിൽ 01.04.2007നുശേഷം പുനർ വിവാഹം നടത്തിയിട്ടുള്ളവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആയിരിക്കും.

(iv) പുനർ വിവാഹം ബന്ധപ്പെട്ട വിവാഹ രജിസ്ട്രാർ മുമ്പാകെ രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്കുമാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ. ഈ ഉത്തരവിനുശേഷം വിവാഹം നടത്തുന്നവർക്ക് സഹായം ലഭിക്കുവാൻ വിവാഹം നടന്ന് ആറുമാസത്തിനകം അപേക്ഷിക്കേണ്ടതാണ്.

(v) 18നും 50നും മദ്ധ്യേ പ്രായമുള്ള വിധവകളുടെ പുനർ വിവാഹത്തിനാണ് ധനസഹായം നൽകുന്നത്.

(vi) അപേക്ഷകൾ താഴെപ്പറയുന്ന രേഖകൾ സഹിതം അപേക്ഷകർ താമസിക്കുന്ന ബ്ലോക്കിലെ ശിശു വികസന പദ്ധതി ഓഫീസർ മുഖേന സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

എ) ആദ്യ വിവാഹത്തിലെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.
ബി) വിവാഹ ബന്ധം വേർപെടുത്തിയതു സംബന്ധിച്ച കോടതി ഉത്തരവ്.
സി) സംസ്ഥാനം അംഗീകരിച്ച ബി.പി.എൽ. ലിസ്റ്റിൽ അംഗമാണെന്നതിന് തെളിവ്.
ഡി) അപേക്ഷകയുടെ ജനന തീയതി തെളിയിക്കുന്നതിനുള്ള മതിയായ രേഖ (സ്കൂൾ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയവ)
ഇ) പുനർ വിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

5. പ്രസ്തുത ആവശ്യത്തിനുള്ള തുക നടപ്പു സാമ്പത്തിക വർഷം 2235-02-103-86 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. ഉഷാ ടൈറ്റസ്,
സെക്രട്ടറി.

സാമൂഹ്യ ക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.
പകർപ്പ്: ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പി.എസിന്
സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
സാമൂഹ്യക്ഷേമ (സി) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ